പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3554 26.06.2012-ൽ മറുപടിയ്ക്ക്

## കെ.എസ്.ഇ.ബി കമ്പനിയായി മാറ്റുവാൻ സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന വൈദ്യുതി ബോർഡ് കമ്പനിയായി മാറ്റുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; കെ.എസ്.ഇ.ബി യുടെ ഇപ്പോഴത്തെ ആസ്തി എത്ര കോടി രൂപയായാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ 1956 ലെ ഇൻഡ്യൻ കമ്പനി നിയമത്തിൻ കീഴിൽ പൊതു മേഖലയിലുള്ള ഒരു കമ്പനിയായി പുന:സംഘടിപ്പിക്കുന്നതിന് 25-08-2008ലെ ജി. ഒ. (എം. എസ്) 29/08/പി.ഡി നമ്പർ ഉത്തരവിലൂടെ സർക്കാർ തീരുമാന മെടുക്കുകയുണ്ടായി. തുടർന്ന് 25-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 37/2008/ഊ.വ പ്രകാരം കെ. എസ്. ഇ. ബിയുടെ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ആസ്തി ബാദ്ധ്യതകൾ പുതിയ കമ്പനിയിലേക്ക് പുനർനിക്ഷി പ്തമാക്കുന്നതു വരെ, വൈദ്യുതി ബോർഡിൻെറ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് 26-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 38/08/ഊ.വ പ്രകാരം ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആസ്തി ബാദ്ധ്യതകൾ ഇൻഡ്യൻ കമ്പനി നിയമത്തിനു കീഴിൽ രൂപീകരിക്കുന്ന കമ്പനിയിലേക്ക് 30-09-2009 നു മുമ്പ് പുനർനിക്ഷിപ്തമാക്കണമെന്നാണ് ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിൻെറ ഖണ്ഡിക 6(1) അനുശാസിച്ചിരുന്നത്. ഇതിനായുള്ള നടപടിയുടെ ഭാഗമായി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 14-01-2011ന് രജിസ്റ്റർ ചെയ്തു. സംസ്ഥാന |

വൈദ്യുതി ബോർഡിൻെറ ആസ്തി-ബാദ്ധ്യതകളെയും ജീവനക്കാരെയും പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്ത മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആസ്തി ബാദ്ധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള കേരള ഇലക്ട്രിസിറ്റി സെക്കൻഡ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്), 2012 സർക്കാരിൻെറ പരിഗണനയിലാണ്. ആയതിന് അംഗീകാരം നൽകിയാലുടൻ ഇതു സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയാക്കാവുന്നതാണ്.

കെ. എസ്. ഇ. ബിയുടെ 31-03-2011-ലെ ആഡിറ്റു ചെയ്ത കണക്കുകൾ പ്രകാരം ഫിക്സഡ് അസറ്റുകളുടെ ബുക്ക് വാല്യൂ 11210.90 കോടി രൂപയും (ഗ്രോസ്സ്) തേയ്മാന ചെലവ് കഴിച്ചുള്ള നെറ്റ് വാല്യൂ 6362.15 കോടി രൂപയുമാണ്.

31-03-2012-ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

സെക്ഷൻ ഓഫീസർ.